പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 772. 20.03.2013-ൽ മറുപടിയ്ക്ക്

നെടുമങ്ങാട് താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്താൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പാലോട് രവി | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| എ) | നെടുമങ്ങാട് താലൂക്ക് ആശുപത്രിയിൽ പ്രതിദിനം എത്തുന്ന രോഗികളുടെ ശരാശരി എണ്ണം എത്രയാണ്; | എ) | നെടുമങ്ങാട് താലൂക്ക് ആശുപത്രിയിൽ പ്രതിദിനം എത്തുന്ന രോഗികളുടെ ശരാശരി എണ്ണം 1800 മുതൽ 2000 വരെയാണ്. |
| ബി) | ഇത്രയും രോഗികളുടെ പരിശോധനക്കായുള്ള ഡോക്ടർമാരുടെ കുറവ് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആശുപത്രിയിൽ ഡോക്ടർമാരുടെ തസ്തിക സൃഷ്ടിക്കപ്പെടുന്നത് ഒ.പി.യിൽ വരുന്ന രോഗികളുടെ എണ്ണത്തിനെ അടിസ്ഥാനപ്പെടുത്തിയല്ല മിറച്ച് ആശുപത്രിയിൽ അനുവദിക്കപ്പെട്ടിട്ടുള്ള കിടക്കകളുടെ എണ്ണത്തെ ആശ്രയിച്ചാണ്. ഈ ആശുപത്രിയിൽ വരുന്ന 1800 മുതൽ 2000 വരെ യുള്ള രോഗികൾ വിവിധ സ്പെഷ്യലിസ്റ്റുകളാൽ പരിശോധിക്കപ്പെടേണ്ടവരാണ്.<br>താലൂക്കാശുപത്രിക്കാവശ്യമായ സ്പെഷ്യലിസ്റ്റുകളിൽ ആവശ്യമായ ഡോക്ടർമാരുടെ തസ്തികകൾ നിലവിലുണ്ട്. |
| സി) | ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ: | സി) | ബാധകമല്ല |
| ഡി) | ജില്ലയിലെ ഏറ്റവും കൂടുതൽ രോഗികൾ എത്തുന്ന നെടുമങ്ങാട് താലൂക്കാശുപത്രി, ജില്ലാ ആശുപത്രിയായി ഉയർത്തണമെന്ന നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) | ഉണ്ട് |
| ഇ) | ഉണ്ടെങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു; | ഇ) | പരിശോധിച്ചു വരുന്നു. |
| എഫ് | ഇവിടെ ഒരു ബഹുനില മന്ദിരം പണിയാൻ 2013 - 14 സാമ്പത്തിക വർഷത്തിൽ നടപടി സ്വീകരിക്കുമോ? | എഫ് | ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ